# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

## തൊഴിലുറപ്പ് പദ്ധതിയുടെ സമഗ്ര ആഡിറ്റ്

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1682** **10-02-2020-ൽ മറുപടിയ്ക്ക്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി.ഷാനിമോൾ ഉസ്മാൻ** | | **ശ്രീ.എ.സി.മൊയ്തീൻ**<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) | |
| (എ) | തൊഴിലുറപ്പ് പദ്ധതിയുടെ സമഗ്ര ആഡിറ്റ് നടത്തിയിട്ടുണ്ടോ; അതിനുള്ള സംവിധാനം എന്താണ്; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സോഷ്യൽ ഓഡിറ്റിംഗ് നടത്തുന്നതിനായി സർക്കാർ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് സൊസൈറ്റി എന്ന ഒരു സ്വതന്ത്ര ഏജൻസി രൂപീകരിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണം നടക്കുന്ന ഗ്രാമപഞ്ചായത്തുകളിൽ സോഷ്യൽ ഓഡിറ്റിംഗ് ഉറപ്പാക്കുകയാണ് സൊസൈറ്റിയുടെ ധർമ്മം. 30.11.2019 വരെ 2610 ഗ്രാമപഞ്ചായത്ത് വാർഡുകളിൽ തൊഴിലുറപ്പ് പദ്ധതിയുടെ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ സംസ്ഥാന സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ഫെസിലിറ്റേറ്റ് ചെയ്തിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് 152 ബ്ലോക്കിലും സമഗ്ര ആഡിറ്റിന് റിസോഴ്സ് പേഴ്സണെ നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; അതിനായി അപേക്ഷ ക്ഷണിച്ചിരുന്നോ; വെളിപ്പെടുത്തുമോ; | (ബി) യും (സി) യും | ഉണ്ട്. സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പെഴ്സൺമാരെ നിയമിക്കുന്നതിന് 13.3.2018 തീയതിയിൽ സോഷ്യൽ ഓഡിറ്റ് സൊസൈറ്റി ഓൺലൈനായി അപേക്ഷകൾ ക്ഷണിച്ചിരുന്നു. എഴുത്തുപരീക്ഷയുടെയും മുഖാമുഖത്തിന്റെയും അടിസ്ഥാനത്തിൽ 52 ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരെ ഇതിനകം നിയമിച്ചിട്ടുണ്ട്. ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാർക്ക് 15,000/-രൂപ (വേതനം-13000/- രൂപ+യാത്രാബത്ത-2000/- രൂപ) പ്രതിമാസം നല്കി വരുന്നു. കൂടാതെ ഫോൺ അലവൻസായി 250/- രൂപയും പ്രതിമാസം നൽകിവരുന്നു. |
| (സി) | പ്രസ്തുത അപേക്ഷയുടെ അടിസ്ഥാനത്തിൽ ഇതിനകം എത്രപേരെ റിസോഴ്സ് പേഴ്സണായി നിയമിച്ചു; അവർക്ക് നല്കുന്ന വേതനം എത്രയാണ്; വിശദമാക്കുമോ; | | |
| (ഡി) | പ്രസ്തുത പദ്ധതിയുടെ സോഷ്യൽ ആഡിറ്റ് ഡയറക്ടറെ സ്ഥലം മാറ്റിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം എന്തെന്നും, ഏത് തസ്തികയിലേക്കാണ് മാറ്റിയതെന്നും വ്യക്തമാക്കുമോ? | (ഡി) | ഉണ്ട്. കില യിലെ അസ്സോസിയേറ്റ് പ്രൊഫസർ തസ്തികയിൽ നിന്നും അന്യത്ര സേവന വ്യവസ്ഥയിൽ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് സൊസൈറ്റി ഡയറക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചു വന്നിരുന്ന ഡോ.എബി ജോർജ്ജിന്റെ സേവനം 28.11.2019-ലെ കില/2016/101/1030 നമ്പർ കത്തിലൂടെ കില |

| | | | |
|---|---|---|---|
| | | | ഡയറക്ടർ തിരികെ ആവശ്യപ്പെട്ട സാഹചര്യത്തിലാണ് 04.12.2019-ലെ സ.ഉ.(സാധാ)നം.2749/2019/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ടിയാന്റെ അന്യത്ര സേവനം അവസാനിപ്പിച്ച് മാതൃസ്ഥാപനത്തിലെ തസ്തികയിലേയ്ക്ക് വിടുതൽ ചെയ്തത്. ടിയാൻ കില യിൽ ഇത് വരെ തിരികെ ജോയിൻ ചെയ്തിട്ടില്ല. |

**സെക്ഷൻ ഓഫീസർ.**